**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1811** **04-02-2026 - ൽ മറുപടിയ്ക്ക്**

**അണ്ണാമലൈ യൂണിവേഴ്സിറ്റി ഡിസ്റ്റൻസ് എഡ്യൂക്കേഷൻ കോഴ്സുകളുടെ അംഗീകാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | അണ്ണാമലൈ യൂണിവേഴ്സിറ്റി ഡിസ്റ്റൻസ് എഡ്യൂക്കേഷൻ മുഖേന നടത്തുന്ന എം. എ. ഇക്കണോമിക്സ് കോഴ്സിന് സംസ്ഥാനത്തെ ഏതെങ്കിലും സർവ്വകലാശാലകളുടെ അംഗീകാരം നിലവിലുണ്ടോ; എങ്കിൽ സർവ്വകലാശാല തിരിച്ച് വിശദമാക്കാമോ; | (എ) | അണ്ണാമലൈ യൂണിവേഴ്സിറ്റി ഡിസ്റ്റൻസ് എഡ്യൂക്കേഷൻ മുഖേന നടത്തുന്ന എം. എ. ഇക്കണോമിക്സ് കോഴ്സിന് അതാത് അധ്യയന വർഷങ്ങളിൽ യു.ജി.സി ഡിസ്റ്റന്റ്സ് എഡ്യൂക്കേഷൻ ബ്യൂറോയുടെ അംഗീകാരം ലഭ്യമായിട്ടുണ്ടെങ്കിൽ, കേരളത്തിലെ സർവ്വകലാശാലകൾ അവയുടെ റെഗുലേഷന് വിധേയമായി അംഗീകാരം നൽകിവരുന്നുണ്ട്. |
| (ബി) | പ്രസ്തുത കോഴ്സിന് മുൻകാലങ്ങളിൽ സംസ്ഥാനത്തെ ഏതെങ്കിലും സർവ്വകലാശാലയുടെ അംഗീകാരം ഉണ്ടായിരുന്നോ; എങ്കിൽ സർവ്വകലാശാല തിരിച്ചുള്ള വിശദാംശം നൽകാമോ; | (ബി) | 2015 അഡ്മിഷന് മുമ്പ് അണ്ണാമലൈ യൂണിവേഴ്സിറ്റി ഡിസ്റ്റൻസ് എഡ്യൂക്കേഷൻ നടത്തിയിരുന്ന എം.എ ഇക്കണോമിക്സ് കോഴ്സിന്, കേരള സർവ്വകലാശാല, മഹാത്മാഗാന്ധി സർവ്വകലാശാല, കാലിക്കറ്റ് സർവ്വകലാശാല, കണ്ണൂർ സർവ്വകലാശാല തുടങ്ങിയ സർവ്വകലാശാലകൾ അംഗീകാരം നൽകിയിട്ടുണ്ട്. |
| (സി) | മേൽപ്പറഞ്ഞ കോഴ്സിന്റെ അംഗീകാരം സംസ്ഥാനത്തെ സർവ്വകലാശാലകൾ പിൻവലിച്ചിട്ടുണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ; പ്രസ്തുത കോഴ്സിന്റെ അംഗീകാരം പുനസ്ഥാപിക്കുന്നതിനായി സർവ്വകലാശാലകളിൽ നടപടികൾ സ്വീകരിക്കുന്നുണ്ടോയോന്ന് വിശദമാക്കാമോ; | (സി) | യു.ജി.സി-യുടെ 25.03.2022 തീയതിയിലെ F.No.1-2/2015(DEB-III) നമ്പർ പബ്ലിക് നോട്ടീസ് പ്രകാരം, അണ്ണാമലൈ സർവകലാശാലയുടെ 2015 അധ്യയനവർഷം മുതൽ 2022 അധ്യയനവർഷം വരെയുള്ള എല്ലാ ഡിസ്റ്റൻസ് എഡ്യൂക്കേഷൻ കോഴ്സുകളുടെയും അംഗീകാരം നിർത്തലാക്കിയതിനാലാണ് പ്രസ്തുത കോഴ്സിന്റെ അംഗീകാരം സംസ്ഥാനത്തെ സർവ്വകലാശാലകൾ പിൻവലിച്ചിട്ടുള്ളത്. യു. ജി.സി യുടെ അംഗീകാരം പുനഃസ്ഥാപിക്കുന്നപക്ഷം മാത്രമെ ടി വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ സർവ്വകലാശാലകൾക്ക് സാധിക്കുകയുള്ളു. |
| (ഡി) | അണ്ണാമലൈ സർവകലാശാലയുടെ ഡിസ്റ്റൻസ് എഡ്യൂക്കേഷൻ കോഴ്സുകളിൽ ഏതെല്ലാം കോഴ്സുകൾക്കാണ് സംസ്ഥാനത്ത് നിലവിൽ അംഗീകാരമുള്ളത്; സർവ്വകലാശാലകൾ തിരിച്ച് വിശദമാക്കാമോ? | (ഡി) | അണ്ണാമലൈ സർവ്വകലാശാലയുടെ വിദൂര വിദ്യാഭ്യാസ പ്രോഗ്രാമുകൾക്ക് അതാത് അധ്യയന വർഷങ്ങളിൽ യു.ജി.സി ഡിസ്റ്റന്റ്സ് എഡ്യൂക്കേഷൻ ബ്യൂറോയുടെ അംഗീകാരം ലഭ്യമായിട്ടുണ്ടെങ്കിൽ, |

| | | | |
|---|---|---|---|
| | | | സർവ്വകലാശാലകൾ അവയുടെ റെഗുലേഷന് വിധേയമായി അംഗീകാരം നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ